# നോമ്പിനെക്കുറിച്ചുള്ള സംശയങ്ങൾ

1) അസ്സ്വിയാമും സ്വിയാമും ഒന്നു തന്നെയാണോ?
2) അസ്സ്വിയാം എന്നു പറഞ്ഞാൽ പട്ടിണികിടക്കുക എന്നേണോ അർത്ഥം?
3) രൂപത്തിലും എണ്ണത്തിലും പൂർവ്വ സമൂഹത്തിനു നിയമമാക്കിയതുപോലെ തന്നെയാണോ നമുക്കും നോമ്പ് നിയമമാക്കിയിട്ടുള്ളത്. ?
4) സ്വിയാമ് മുത്തഖിയെ ഉണ്ടാക്കിത്തീർക്കാനാണെങ്കിൽ ഇന്നത്തെ പട്ടിണി കൊണ്ട് 2:177 ൽ പറഞ്ഞ ഗുണങ്ങളുള്ള മുത്തഖിയെ ഉണ്ടാക്കിത്തീർക്കാൻ 1400 വർഷമായിട്ടു അതിനു നമുക്കു കഴിഞ്ഞിട്ടുണ്ടോ?
5) അയ്യാമൻ മഅദൂതാദിൻ എന്നു പറഞ്ഞാൽ എത്ര ദിവസമാണ്.?മൂന്നോ പത്തോ ,മുപ്പതോ നാൽപതോ?
6) ഈ ദിവസങ്ങൾ ആകെ എത്രയാണെന്നു വ്യക്തമാവാതെ രോഗിയും യാത്രക്കാരനും അവർ രോഗത്തിലും യാത്രയിലുമാവുമ്പോൾ എത്ര ദിവസമാണ് പിന്നീടു നോമ്പു നോൽക്കേണ്ടത്?ആകെ അറിയാതെ ബാക്കി എങ്ങിനെ അറിയും?
7) 2:184 മുഴുവൻ ദുർബലപ്പെട്ടു (മൻസൂഖ്) ത്തപ്പെട്ടിട്ടുണ്ടോ? അതല്ല ആ ആയത്തിലെ അയ്യാമൻ മഅദൂദാതിൻ എന്ന ഭാഗം മാത്രമെ ദുർബലപ്പെടുത്തിയിട്ടൊള്ളൂ?
8) രോഗിയും യാത്രക്കാരനും മറ്റുദിവസങ്ങളിൽ നോറ്റുവീട്ടാൻ അല്ലാഹു ഇളവു പ്രഖ്യാപിച്ചിരിക്കെ അതിനേക്കാൾ പ്രയാസകരമായ അവസ്ഥയുള്ളവർക്ക് എന്തു ഇളവാണ് അല്ലാഹു  പ്രഖ്യാപിച്ചിട്ടുള്ളത്.?
9) "യുത്വീഖൂനഹു" എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?
10) അവിടെ "ലാ യുത്വീഖൂനഹു”(സാധിക്കാത്തവർ)എന്നാണ് അർത്ഥമെങ്കിൽ അവിടുത്തെ ലാلا എന്ന അക്ഷരം എവിടെ പോയി?
11) സാധിക്കാത്തവർ ആണ് "ഫിദ് യ”(പകരക്രിയ) കൊടുക്കേണ്ടതെങ്കിൽ എന്തിനാണ് അവർ ആ ഫിദ് യ കൊടുക്കുന്നത്?
12) അതല്ല "ഫിദ് യ" എന്ന പദത്തിനു വേറെ വല്ല അർത്ഥവുമുണ്ടോ?
13) "തത്വവ്വഅ ഖൈറൻ "എന്നാൽ എന്താണ് അർത്ഥം ?അധികം നൽകിയാൽ എന്നു തന്നെയാണോ?ഇതാഅത്തിനു അധികം നൽകിയാൽ എന്ന അർത്ഥമുണ്ടോ?
14) റമദാൻ മാസത്തിലാണോ "അൽ-ഖുർആൻ" അവതരിപ്പിക്കപ്പെട്ടത്?

അതല്ല ലൈലത്തുൽ ഖദ്ർ എന്ന ഒറ്റ രാത്രിയിലോ?അതോ ഇരുപത്തിമൂന്ന കൊല്ലം  കൊണ്ടോണോ?

15)ശഹിദ എന്നാൽ എന്താണ് അർത്ഥം ? ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നാണോ?

16)അതല്ല മാസം കണ്ടാൽ എന്നാണോ?

17)ജീവിച്ചിരുപ്പുണ്ടെങ്കിൽ എന്നാണെങ്കിൽ മരിച്ചവർക്കു വല്ല കൽപനയും ഖുർആനിലുണ്ടോ?

18)മാസം കണ്ടാൽ എന്നാണെങ്കിൽ മാസം കണ്ടിട്ടില്ലെങ്കിൽ നോമ്പു വേണ്ടേ?അതോ കണ്ടവനെ കണ്ടാൽ മതിയോ?

19)"ഫൽയസുംഹു" എന്നാൽ അതിനെ സ്വിയാമു ചെയ്യട്ടെ എന്നാണോ അതിൽ സ്വിയാമു ചെയ്യട്ടെ എന്നാണോ അതല്ല അതിൽ നിന്ന സ്വിയാമു ചെയ്യട്ടെ എന്നാണോ അർത്ഥം.?

20)ബിക്കും بكم ,ലക്കുംلكم  എന്നീ പ്രയോഗങ്ങളിൽ വല്ല അർത്ഥവ്യ ത്യാസവും ഉണ്ടോ?

21)നിങ്ങളിലൂടെ അഥവാ നിങ്ങളെയും കൊണ്ട്,എന്നാണ് ബിക്കും എന്നതുകൊണ്ട് അർത്ഥമാക്കുന്നതെങ്കിൽ എന്താണ് അതുകൊണ്ടു ഉദ്ദേ ശിക്കുന്നത്?

22)  ദൈവം നിങ്ങൾക്കു എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത് എന്നാണ് അർത്ഥമെങ്കിൽ രോഗിയാക്കേളും യാത്രക്കാരേക്കാളുമെല്ലാം പ്രയാസം നേരിടുന്ന മറ്റു അവസ്ഥകളിലുള്ളവരെ ദൈവം കണ്ടില്ല എന്നാണോ? അ തല്ല അവർക്കു എളുപ്പം വേണ്ട എന്നുണ്ടോ?

23) "ലിതുകബ്ബിറുല്ലാഹ" എന്ന പറഞ്ഞാൽ അല്ലാഹു  അക്ബർ എന്നു ഉരുവിടലാണോ? അതല്ല ദൈവത്തിന്റെ പരമാധികാരം അവന്റെ മാർഗ്ഗ നിർദ്ദേശങ്ങളിലൂടെ സ്ഥാപിക്കലാണോ?

24)നോമ്പെടുക്കുന്ന വ്യക്തി എന്തിനാണ് അല്ലാഹുവിനെക്കുറിച്ചു എവിടെ യാണെന്നു ചോദിക്കുന്നത്? ആ വ്യക്തി അല്ലാഹു എവിടെ എന്നറിയാതെ യാണോ പട്ടിണികിടക്കാൻ തുടങ്ങിയത്?

25)അർറഫഥു الرفث എന്ന പറഞ്ഞാൽ ലൈംഗിക വേഴ്ച എന്നു തന്നെ യാണോ അർത്ഥം?അതല്ല القبح من الكلام  ചീത്ത സംസാരവും പെരുമാറ്റവും എന്നാണോ?

26) നിങ്ങൾക്കു സ്വിയാമിന്റെ രാത്രിയിൽ ലൈംഗികവേഴ്ച അനുവദിക്കപ്പെട്ടിരിക്കുന്നു എന്നു പറയാൻ ഏതു ആയത്തിലാണ് അതു വിലക്കിയിരിക്കുന്നത്?
27)പകൽ സ്ത്രീകളുമായി ലൈംഗിക വേഴ്ച ചെയ്യുന്നത് ചതിയും വഞ്ചനയും (تخْتَانُون) ആണെങ്കിൽ ആ ചതി രാത്രിചെയ്യാൻ എന്തിനാണ് അല്ലാഹു അനുവദിച്ചത്?ചതിയും വഞ്ചനയും കാലത്തിന്റെ വ്യത്യാസത്തിനനുസരിച്ചു ചതിയും വഞ്ചനയുമല്ലാതാകുമോ?
28)ഉഹില്ല (أُحلَّ) അനുവദിക്കപ്പെട്ടു (അകർമ്മക ക്രിയ)എന്നു പറഞ്ഞാൽ അല്ലാഹുവാണ്  അനുവദിച്ചത് എന്നു ഉറപ്പിച്ചു പറയാൻ പറ്റുമോ?
29)ബാഷറ എന്നു പറഞ്ഞാൽ ലൈംഗിക വേഴ്ച എന്നു തന്നെയാണോ അർത്ഥം?ബശീർ, മുബാശിർ എന്നൊക്കെ പറഞ്ഞാൽ ലൈംഗിക വേഴ്ച നടത്തുന്നവൻ എന്നാണോ അർത്ഥം?
30) ഇപ്പോൾ (now, الآن)നിങ്ങൾ ലൈംഗിക വേഴ്ച നടത്തിക്കോളൂ എന്നു കൽപിക്കാൻ ഇതുവരെ അവർ ലൈംഗിക വേഴ്ച നടത്തിയിട്ടില്ലേ?
31) നിങ്ങൾക്കു അല്ലാഹു നിയമമാക്കിയത് തേടിക്കൊള്ളുക(وابْتَغُوا مَا كَتَبَ اللهُ لكم)എന്നു പറഞ്ഞാൽ ജനിക്കാൻ പോകുന്ന കുട്ടികളെ തേടാനാണോ?എല്ലാ ലൈംഗിക വേഴ്ചയും കുട്ടികൾക്കു വേണ്ടിയാണോ?
32)മസാജിദുകളിൽ അനുവദിക്കപ്പെട്ടതും എന്നാൽ ഇഅതികാഫിലാകുമ്പോൾ വിലക്കുള്ളതുമായ സംഗതി ഏതാണ്?
33)അതു ലൈംഗിക വേഴ്ചയാണെങ്കിൽ മസാജിദുകളിൽ ഇഅതികാഫിൽ അല്ലെങ്കിൽ അതു ചെയ്യൽ അനുവദനീയമാണോ?
34) കുലൂ, വശ്റബൂ എന്നു പറഞ്ഞാൽ വെറും ഭക്ഷണ പാനീയങ്ങളുടെ തീറ്റയും  കുടിയും മാത്രമാണോ ഉദ്ദേശിക്കുന്നത് ?
35)അല്ലെൽ الليل,അൽഖൈതുൽ അബ് യള് الخيطُ الأَبيضُ, അൽ-ഖൈത്തുൽ അസ് വദ് الخيط الأسود, അൽ-ഫജ്ർ الفجر എന്നൊക്കെ പ്രത്യേക(proper noun,معرفة) നാമങ്ങളിൽ പറയാൻ കാരണമെന്ത്?
36)അവ (തിൽക) എന്നു പറഞ്ഞാൽ ഏതിലേക്കാണ് ചൂണ്ടുന്നത്?
37) അൽ-ഖൈത്തുൽഅബ് യളു (الخيطُ الأبيضُ)എന്നത് കർത്താവാണോ അതല്ല കർമ്മമാണോ?
38) അൽഖൈത്തുൽ അബ് യളു നമുക്കു അൽഖൈത്തുൽ അസ് വദിനെ നമുക്കു വ്യക്തമാക്കി തരികയാണോ? അതല്ല നാം വെള്ളനൂലും കറുത്ത

ന്നുല്യം കാണുകയാണോ?

39) ഇല്ലല്ലൈലി എന്നു പറഞ്ഞാൽ രാത്രിയിലേക്ക് എന്നാണോ രാത്രി വരെ എന്നാണോ അർത്ഥം?ഹത്താ എന്നതിനും ഇലാ എന്നതിനും അർത്ഥ വ്യത്യാസം ഇല്ലേ?

40) ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കണമെന്ന വിപരീത ആശയഗ്രഹണത്തിലൂടെ(مَفْهوم مُخالفة) മനസ്സിലാക്കാനല്ലാതെ തിന്നരുത് കുടിക്കരുത് ലൈംഗിക വേഴ്ച നടത്തരുത് എന്നു നേരിട്ടു വിലക്കും ഖുർആനിലുണ്ടോ?എല്ലാ സ്ഥലത്തും വിപരീത ആശയഗ്രഹണം(മഫ്ഹൂമു മുഗാലഫഃ) അനുവദനീയമാണോ?

പട്ടിണി എന്ന അർത്ഥം സ്വിയാമിനു നൽകണമെങ്കിൽ ഈ ചോദ്യങ്ങൾക്കും ഇതിനോടു അനുബന്ധമായി വരുന്ന ചോദ്യങ്ങൾക്കു ഉത്തരം കിട്ടൽ അനിവാര്യമാണ്